**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4155** **03-03-2023 - ൽ മറുപടിയ്ക്ക്**

**മാലിന്യ സംസ്കരണ നയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അനൂപ് ജേക്കബ്** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പൊതുവായി ഒരു മാലിന്യ സംസ്കരണ നയം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. 13.09.2018 ലെ സ.ഉ (അച്ചടി) നമ്പർ 65/2018/തസ്വഭവ പ്രകാരം കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള 2016 ലെ ഖരമാലിന്യ പരിപാലന ചട്ടങ്ങളെ അടിസ്ഥാനപ്പെടുത്തി സംസ്ഥാന ഖരമാലിന്യ പരിപാലന നയം വിജ്ഞാപനം ചെയ്തിട്ടുണ്ട്. |
| (ബി) | ഇതിനായി സ്വകാര്യ മേഖലയുടെ പങ്കാളിത്തം ഉറപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്. പ്രസ്തുത നയ പ്രകാരം ഖര മാലിന്യ പരിപാലന രംഗത്ത് പ്രവർത്തിക്കുന്ന സ്വകാര്യ സ്ക്രാപ്പ് അധിഷ്ഠിത വ്യാപാരികളുടെ പങ്കാളിത്തം സംബന്ധിച്ച് വ്യക്തമാക്കിയിട്ടുണ്ട്. അജൈവ മാലിന്യ പരിപാലനത്തിനായി സംയോജിത മാലിന്യ സംസ്കരണ-പുനഃചംക്രമണ പ്ലാന്റുകൾ പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിന് പ്രാധാന്യം നൽകിയിട്ടുണ്ട്. കൂടാതെ കേന്ദ്ര ചട്ടങ്ങൾ അനുശാസിക്കും പ്രകാരം വിവിധ മേഖലയിലെ ഉൽപാദകർ മുഖേന "എക്സ്റ്റൻഡഡ് പ്രൊഡ്യൂസർ റെസ്പോൺസിബിലിറ്റി (ഇ. പി. ആർ) നടപ്പിലാക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (സി) | ഇത്തരത്തിൽ ഒരു നയം നടപ്പിലാക്കുമ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ യൂസർ ഫീ ഈടാക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ഉണ്ട്. പ്രസ്തുത നയത്തിൽ 2016 ലെ ഖരമാലിന്യ പരിപാലന ചട്ടത്തിന്റെ അടിസ്ഥാനത്തിൽ ഖരമാലിന്യ ശേഖരണ-പരിപാലന സേവനങ്ങൾക്കായി മാലിന്യ ഉത്പാദകരിൽ നിന്നും തദ്ദേശ സ്ഥാനാപനങ്ങൾക്ക് യൂസർ ഫീ ഈടാക്കാവുന്നതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട് |
| (ഡി) | എങ്കിൽ യൂസർ ഫീ യുടെ നിരക്ക് നിശ്ചയിക്കുവാനുള്ള അധികാരം ആർക്കാണ് നൽകിയിരിക്കുന്നത്; അതിന് ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | *നവകേരളം കർമ്മ പരിപാടിയുടെ ഭാഗമായ ഹരിത കേരളം മിഷന്റെ ശുചിത്വ മാലിന്യ സംസ്കരണ ഉപമിഷൻ മാർഗ്ഗ രേഖയായ 15-07-2017-ലെ സ.ഉ (സാധാ) നം. 2420/2017/ത.സ്വ.ഭ.വ നം സർക്കാർ ഉത്തരവ് പ്രകാരം ഹരിത കർമ്മ സേന വഴിയുള്ള വാതിൽപ്പടി ശേഖരണത്തിന് യൂസർ ഫീ നിശ്ചയിച്ച് ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിൽ അജൈവ* |

| | | | |
|---|---|---|---|
| | | | മാലിന്യത്തിന്റെ വാതിൽപ്പടി ശേഖരണത്തിന് പരമാവധി 60/- രൂപ എന്നാണ് നിശ്ചയിച്ചിരുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ പല തദ്ദേശ സ്ഥാപനങ്ങളും നിശ്ചയിച്ച യൂസർ ഫീ ഹരിത കർമ്മ സേനകൾക്ക് ഉപജീവനത്തിനുള്ള വരുമാനം ലഭ്യമാക്കുന്നില്ല എന്നത് ശ്രദ്ധയിൽപെട്ടതിന്റെ അടിസ്ഥാനത്തിൽ 12-08-2020-ലെ സ.ഉ (സാധാ) നം. 1496/2020/ത.സ്വ.ഭ.വ നം. സർക്കാർ ഉത്തരവ് പ്രകാരം ഹരിത കർമ്മ സേന വഴിയുള്ള വാതിൽപ്പടി ശേഖരണത്തിന് യൂസർ ഫീ പുതുക്കി നിശ്ചയിച്ച് കൊണ്ട് ഉത്തരവായിട്ടുണ്ട്.<br>പുതുക്കിയ ഉത്തരവ് പ്രകാരം ഗ്രാമ പ്രദേശങ്ങളിൽ വീട്ടുകൾക്ക് 50/- രൂപയും നഗര പ്രദേശങ്ങളിൽ 70/- രൂപയുമാണ് നിശ്ചയിച്ചിട്ടുള്ളത്. സ്ഥാപനങ്ങളിൽ നിന്നും 100/- രൂപയും ഈടാക്കി വരുന്നു. (സ്ഥാപനത്തിന്റെ വലിപ്പം പ്രതിദിനം രൂപപ്പെടുന്ന മാലിന്യത്തിന്റെ അളവ് എന്നിവയ്ക്കനുസരിച്ച് സ്ഥാപനത്തിന്റെ നിരക്ക് വ്യത്യാസപ്പെടുന്നതാണ്). |

സെക്ഷൻ ഓഫീസർ